I ഇ.ബി. XIII-കേരള നിയമസഭ/XIV-9

# പതിമൂന്നാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2015 ജൂലൈ 09, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എൻ. ശക്തന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

## അടിയന്തര പ്രമേയം

### വിജിലൻസ് അന്വേഷണം

മി. സ്പീക്കർ: നിയമസഭാ ചട്ടം 53 പ്രകാരം കോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു വിഷയം ചർച്ച ചെയ്യാൻ പാടില്ലെന്നാണ്. എന്നിരുന്നാലും അവതരണാനുമതി നൽകുകയാണ്. ബാർ കോഴ കേസ് എഫ്.ഐ.ആർ.-ലെ ഒന്നാം പ്രതി ധനമന്ത്രിയെ കുറ്റവിമുക്തനാക്കിക്കൊണ്ട് അന്വേഷണം അവസാനിപ്പിക്കാൻ തിരുവനന്തപുരം വിജിലൻസ് കോടതിയോട് വിജിലൻസ് അനുവാദം ചോദിച്ചതിനെത്തുടർന്ന് ഉളവായിട്ടുള്ള സ്ഥിതിവിശേഷം

സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. സുരേഷ് കുറുപ്പ്, വി.എസ്. സുനിൽ കുമാർ, മാത്യു ടി. തോമസ്, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വിജിലൻസ് ഡയറക്ടർക്ക് 01-11-2014-ൽ നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ (ദക്ഷിണ മേഖല) തിരുവനന്തപുരം പോലീസ് സൂപ്രണ്ടിന്റെ നേതൃത്വത്തിലുള്ള അന്വേഷണ സംഘം നിലവിലുള്ള നിയമവ്യവസ്ഥകൾക്കും സുപ്രീംകോടതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരണമായി അന്വേഷണം പൂർത്തിയാക്കി 07-07-2015-ന് വിജിലൻസ് കോടതിയിൽ അന്തിമ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ ഔദ്യോഗികമായി സർക്കാരിന് റിപ്പോർട്ട് ലഭ്യമായിട്ടില്ല. കോടതിയുടെ പരിഗണനയിലിരിക്കുന്ന വിഷയം നിയമസഭ ചർച്ച ചെയ്യുന്നത് സബ്ജുഡീസ് ആണ്. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. കെ. സുരേഷ് കുറുപ്പ്: കേരളം കണ്ട ഏറ്റവും ഹീനമായ അഴിമതിയെ ഇല്ലാതാക്കാൻ ഈ ഗവൺമെന്റ് നടത്തിയ രാഷ്ട്രീയ കരുനീക്കങ്ങളാണ് ബാർ കോഴ

കേസുമായി ബന്ധപ്പെട്ട് കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിലൂടെ പുറത്തുവന്നിരിക്കുന്നത്. ശ്രീ. കെ.എം. മാണി കൈക്കൂലി വാങ്ങി എന്ന ആരോപണം വന്നതിനെത്തുടർന്ന് നടന്ന അന്വേഷണത്തിൽ തെളിവുകൾ ഒന്നൊന്നായി പുറത്തുവന്നപ്പോഴാണ് നിയമവ്യവസ്ഥകളെയെല്ലാം കാറ്റിൽ പറത്തിക്കൊണ്ട് പലരുടേയും നിയമോപദേശം തേടി ശ്രീ. കെ.എം. മാണി കുറ്റവാളിയല്ലെന്ന് വരുത്തിത്തീർത്തിരിക്കുന്നത്. ക്രിമിനൽ പ്രോസീഡുവർ കോഡിന്റെ 173-ാം വകുപ്പ് ചേർത്താണ് അന്വേഷണം നടത്തേണ്ടത്. അന്വേഷണത്തിന്മേൽ ഇടപെടാൻ ആർക്കും അധികാരമില്ല. ക്രിമിനൽ പ്രൊസീഡുവർ കോഡിൽ അന്വേഷണം നടത്തേണ്ടതു സംബന്ധിച്ച് വ്യക്തമായി പറഞ്ഞിരിക്കെ വിജിലൻസ് മാനുവലിനെ ആശ്രയിച്ച് അന്വേഷണം നടത്തിയ നടപടി ശരിയാണോ എന്ന് വ്യക്തമാക്കണം. ലക്ഷക്കണക്കിന് രൂപ കോഴ വാങ്ങിയതായുള്ള തെളിവുകൾ ഉണ്ടായിട്ടും റിപ്പോർട്ടിൽ അക്കാര്യം അവ്യക്തമാണ്. ധനകാര്യ വകുപ്പുമന്ത്രിയുടെ പാലായിലെ വസതിയിൽവച്ച് കൈക്കൂലികൊടുത്തതിനെപ്പറ്റിയും സാക്ഷിമൊഴികളെപ്പറ്റിയും പരാമർശിക്കാതെയും ശ്രീ. കെ. എം. മാണി കുറ്റക്കാരനല്ലെന്ന് കാണിച്ചുകൊണ്ടുള്ള റിപ്പോർട്ടാണ് കോടതിയിൽ സമർപ്പിച്ചിട്ടുള്ളത്. ബാർ കോഴക്കേസിൽ ശ്രീ. കെ. എം. മാണിക്കെതിരെ തെളിവില്ലെന്നാണ് അന്വേഷണ ഉദ്യോഗസ്ഥൻ

കണ്ടെത്തിയിരിക്കുന്നത്. ക്രിമിനൽ പ്രൊസീഡ്വർ കോഡിന്റെ അടിസ്ഥാനത്തിൽ നടത്തേണ്ട ഈ കേസന്വേഷണത്തെ അട്ടിമറിച്ചുകൊണ്ട് വിജിലൻസ് മാന്വലിന്റെ അടിസ്ഥാനത്തിൽ അന്വേഷണം നടത്തിയതിന്റെ മാനദണ്ഡം എന്താണെന്ന് വ്യക്തമാക്കണം. ശ്രീ. കെ. എം. മാണിയെ വിജിലൻസ് ചോദ്യം ചെയ്തതുസംബന്ധിച്ചോ നിയമോപദേശം തേടിയതു സംബന്ധിച്ചോ റിപ്പോർട്ടിൽ യാതൊന്നും പരാമർശിക്കുന്നില്ല. വ്യക്തമായ തെളിവുകളുണ്ടായിട്ടും കേസ് ഒതുക്കിത്തീർക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തിയിരിക്കുന്നത്. ശ്രീ. കെ. എം. മാണി കൈക്കൂലി വാങ്ങിയത് സംബന്ധിച്ച് കേരളീയസമൂഹത്തിൽ അനാവരണം ചെയ്യുന്നതുവരെ പ്രതിപക്ഷം പോരാട്ടം തുടരും. ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ സ്വതന്ത്രവും സത്യസന്ധവുമായ അന്വേഷണമാണ് ഈ കേസിൽ നടത്തിയത്. ശാസ്ത്രീയമായ കുറ്റാന്വേഷണമാർഗ്ഗങ്ങളുടെയും സാക്ഷിമൊഴികളുടെയും സൈബർ ഫോറൻസിക് അനാലിസിസ്, പോളിഗ്രാഫ് ടെസ്റ്റ് തുടങ്ങിയ പരിശോധനകളുടെയും അടിസ്ഥാനത്തിൽ അന്വേഷണപ്രക്രിയ പൂർത്തിയാക്കിയശേഷമാണ് അന്വേഷണ ഉദ്യോഗസ്ഥൻ കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. ഇന്ന് കോടതി

പരിഗണിക്കാനിരിക്കുന്ന ഒരു വിഷയമാണിത്. കോടതിയെ സമ്മർദ്ദത്തിലാക്കുന്ന യാതൊരു പരാമർശവും നടത്താൻ സർക്കാർ ആഗ്രഹിക്കുന്നില്ല. സിആർ.പി.സി. അനുസരിച്ചുള്ള കേസുകളിലെല്ലാം അന്വേഷണ ഉദ്യോഗസ്ഥൻ കൺവിക്ഷനുവേണ്ടി നിയമോപദേശങ്ങൾ തേടാറുണ്ട്. വിജിലൻസ് മാനുവലും സിആർ.പി.സി.യും അനുസരിച്ചുതന്നെയാണ് ബാർ കോഴക്കേസിന്റെ അന്വേഷണവുമായി മുന്നോട്ടുപോയിട്ടുള്ളത്. പ്രിവൻഷൻ ഓഫ് കറപ്ഷൻ ആക്ടിന്റെ 7, 13 വകുപ്പുകൾപ്രകാരം നടത്തിയ അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഈ കേസ്സിനെ സംബന്ധിച്ച അന്തിമ റിപ്പോർട്ട് വിജിലൻസ് കോടതിയിൽ സമർപ്പിച്ചിരിക്കുകയാണ്. കേസന്വേഷണത്തിനുള്ള തെളിവ് നൽകേണ്ട ചുമതല സർക്കാരിനോ വിജിലൻസ് വകുപ്പിനോ ഇല്ല. കേസന്വേഷണ വേളയിൽ അന്വേഷണ ഉദ്യോഗസ്ഥൻ നിയമോപദേശം സ്വീകരിക്കാനുള്ള അധികാരം ഉപയോഗിക്കുകയാണ് ചെയ്തിട്ടുള്ളത്. പ്രതിപക്ഷം ഉയർത്തിയ വാദമുഖങ്ങൾ പരാജയപ്പെടുമ്പോൾ വിജിലൻസിനെ കുറ്റപ്പെടുത്തുന്ന നിലപാട് സ്വീകരിക്കുന്നത് ഉചിതമാണോയെന്ന് ചിന്തിക്കണം. ഊഹാപോഹങ്ങളുടെയും കെട്ടുകഥകളുടെയും അടിസ്ഥാനത്തിൽ അഴിമതി ആരോപണം ഉന്നയിച്ചാൽ സ്ഥിതി ഇതായിരിക്കുമെന്ന് തെളിഞ്ഞിരിക്കുകയാണ്. നിഷ്പക്ഷമായ അന്വേഷണമാണ് വിജിലൻസ് വകുപ്പ് നടത്തിയിട്ടുള്ളത്. അഴിമതി ആരോപണത്തിന്

ഉപോൽബലകമായ വസ്തുതകളുടെയും തെളിവുകളുടെയും അടിസ്ഥാനത്തിൽ മാത്രമേ വിജിലൻസ് കേസ് ചാർജ് ചെയ്യാൻ സാധ്യമാകുകയുള്ളൂ. ഇവിടെ ഉന്നയിച്ച വാദഗതികൾ നിലനിൽക്കുന്നതല്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി.എസ്. അച്യുതാനന്ദൻ</u>): അഴിമതി, കൈക്കൂലി, കേസ്സൊതുക്കൽ എന്നിവ സർക്കാരിന്റെ ഗുണഗണങ്ങളായി മാറിയിരിക്കുകയാണ്. ശ്രീ. കെ.എം. മാണി കോഴ വാങ്ങിയ കേസിൽ വിജിലൻസിനെക്കൊണ്ട് അദ്ദേഹത്തെ പരിശുദ്ധനാക്കി കോടതിയിൽ റിപ്പോർട്ട് സമർപ്പിച്ചിരിക്കുകയാണ്. കോഴ വാങ്ങിയെന്നതിന് 60 ശതമാനം തെളിവുകൾ ലഭിച്ചിട്ടുണ്ടെന്ന് വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥൻ പരസ്യപ്പെടുത്തിയിട്ടും ബാക്കി തെളിവുകൾ കണ്ടെത്താൻ സർക്കാർ തയ്യാറാകുന്നില്ല. ഹൈക്കോടതിയിൽ ഒരു മാസത്തിനുള്ളിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാമെന്ന് സത്യവാങ്മൂലം നൽകിയതുതന്നെ കേസന്വേഷണത്തിൽ സർക്കാർ ഇടപെട്ടു എന്നതിനുള്ള തെളിവാണ്. കേസന്വേഷണം പൂർത്തിയാക്കാതെ ധൃതിയിൽ കോടതിയിൽ സമർപ്പിച്ച റിപ്പോർട്ടിൽ കണ്ടെത്തിയ തെളിവുകൾപോലും ഉൾപ്പെടുത്തിയിട്ടില്ല. ബാർ കോഴ കേസ് അന്വേഷണം ശരിയായ ദിശയിലല്ല എന്ന് ബോധ്യപ്പെട്ടതിന്റെ

അടിസ്ഥാനത്തിലാണ് വിജിലൻസ് സംവിധാനത്തെ സ്വതന്ത്രമാക്കണമെന്ന് ഹൈക്കോടതി നിരീക്ഷണം നടത്തുകയും അതുസംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാനായി അമിക്കസ് ക്യൂറിയായി രണ്ട് അഭിഭാഷകരെ നിയോഗിക്കുകയും ചെയ്തത്. വിജിലൻസ് വകുപ്പിന്റെ നിയന്ത്രണം സർക്കാരിന്റെ കയ്യിൽനിന്ന് നഷ്ടപ്പെടാതിരിക്കാനും കേസന്വേഷണത്തിൽനിന്ന് രക്ഷപ്പെടാനുമുള്ള ശ്രമം വിലപ്പോകുകയില്ല. സത്യം വെളിച്ചത്തുകൊണ്ടുവരാൻ നിയമമാർഗ്ഗവും സമരമാർഗ്ഗവും പ്രതിപക്ഷം സ്വീകരിക്കും. ബാർ കോഴക്കേസിൽ പുനരന്വേഷണം നടത്താൻ സർക്കാർ തയ്യാറാകണം. സർക്കാരിന്റെ നിഷേധാത്മകമായ നിലപാടിൽ പ്രതിഷേധിച്ച് ഇന്ന് സഭയുടെ നടുത്തളത്തിലിരുന്ന് പ്രതിഷേധിക്കാനാണ് ഞങ്ങൾ തീരുമാനിച്ചിരിക്കുന്നത്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭയുടെ നടുത്തളത്തിലിരുന്ന് സഭാ നടപടികൾ തടസ്സപ്പെടുത്തുംവിധം ബഹളം വയ്ക്കുകയും മുദ്രാവാക്യം വിളിക്കുകയും ചെയ്തുകൊണ്ടിരുന്നതിനാൽ ബഹുമാനപ്പെട്ട സ്പീക്കർ കാര്യവിവരപ്പട്ടികയിലെ അടുത്ത ഇനങ്ങളിലേയ്ക്ക് കടന്നു.)

(ശ്രദ്ധക്ഷണിക്കൽ അവതരിപ്പിക്കപ്പെട്ടില്ല.)

**മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകളും

കേരള പബ്ലിക് എക്സ്പെൻഡീച്ചർ റിവ്യൂ കമ്മിറ്റിയുടെ നാലാമത് റിപ്പോർട്ടും (കാലതാമസ പത്രിക സഹിതം) മേശപ്പുറത്തുവച്ചു.

**ധനകാര്യം**

## 2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): താഴെപ്പറയുന്ന ധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XVIII - വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും (3347,52,76,000 രൂപ)

ധനാഭ്യർത്ഥന നമ്പർ XIX - കുടുംബക്ഷേമം (386,10,51,000 രൂപ)

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന ചട്ടം 236(3) പ്രകാരമുള്ള പ്രസ്താവന മേശപ്പുറത്തുവയ്ക്കുന്നു.

(ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കപ്പെട്ടില്ല.)

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

**നിയമനിർമ്മാണകാര്യം**

2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ ഭൂനികുതിയും

ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും നൈപുണ്യവും വകുപ്പുമന്ത്രി (ശ്രീ. ഷിബു ബേബി ജോൺ): പ്രമേയത്തെ പിന്താങ്ങുന്നു.

(ക്രമപ്രശ്നവും ഭേദഗതികളും അവതരിപ്പിക്കപ്പെട്ടില്ല.)

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): 2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച II-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

സഭ രാവിലെ 10.32-ന് പിരിഞ്ഞു.

**********************